ടി സഹകരണ സ്ഥാപനങ്ങളുടെ പേര് അനുബന്ധം 2(1), 2(11), 2(111) ആയി ചേർത്തിട്ടുണ്ട്.†

(ഡി) ജില്ലാ സഹകരണ ബാങ്കുകളുടെ 2004-2005 വർഷത്തിലെ ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. താൽക്കാലിക ബാക്കിപത്രപ്രകാരമുള്ള ലാഭം/നഷ്ടം അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-3)†

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷയിൻമേൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സഹകരണ ഇൻഷ്വറൻസ് സൊസൈറ്റി

75 [1400] *ശ്രീ. എം. വി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ഇൻഷ്വറൻസ് സൊസൈറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ അധികാരപരിധി, ഭാരവാഹികൾ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്രപേർ ജോലി ചെയ്യുന്നു;

(ഡി) അവരിൽ സ്ഥിരം, താൽക്കാലികം, ദിവസക്കൂലി ജീവനക്കാർ എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സ്ഥാപനം ഐ. എഫ്. എഫ്. സി. ഒ.യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽനിന്നും ഇൻഷ്വറൻസ് വിഹിതമായി മറ്റു കമ്പനികളിലേക്ക് പോകുന്ന തുക ഈ മേഖലയിൽത്തന്നെ നിലനിർത്താൻ ഉദ്ദേശിച്ച് രൂപീകരിച്ചിട്ടുള്ളതാണ് സഹകരണ ഇൻഷ്വറൻസ് സംഘം. സംഘങ്ങളിൽ നിന്നുള്ള ഓഹരി മൂലധനം, ഇൻഷ്വറൻസ് പ്രീമിയം, സർക്കാർ-സംസ്ഥാന സഹകരണ ബാങ്ക് എന്നിവരിൽനിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നതാണ് ടി സംഘത്തിന്റെ ഫണ്ട്. ഇൻഷ്വറൻസ് റഗുലേറ്ററി ഡവലപ്മെന്റ് അതോറിറ്റിയുടെ

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/567/2012—13

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകൾക്കുവിധേയമായി കേരളത്തിൽ ഇൻഷ്വറൻസ് നടത്തുക, മേൽ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള മറ്റുതരം ബിസിനസ്സുകൾ കേരള സഹകരണ നിയമത്തിനു വിധേയമായി നടത്തുക എന്നിവയാണ് സംഘത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ.

(ബി) കേരള സംസ്ഥാനമാണ് ഈ സ്ഥാപനത്തിന്റെ അധികാരപരിധി.

എ-ക്ലാസ് അംഗങ്ങളായ കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്നിവയുടെ ഭരണ സമിതികൾ തെരഞ്ഞെടുക്കുന്ന ഓരോ പ്രതിനിധികൾ, ബി-ക്ലാസ് അംഗങ്ങളായ ജില്ലാ സഹകരണ ബാങ്ക് അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന 4 പ്രതിനിധികൾ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന 2 പ്രതിനിധികളും ഒരു. എക്സ്-ഒഫിഷ്യോ മാനേജിംഗ് ഡയറക്ടറും, സി- ക്ലാസ് അംഗങ്ങളായ പ്രാഥമിക സഹകരണ ഗ്രാമവികസന ബാങ്കുകളുടെ ഒരു പ്രതിനിധി, അർബൻ ബാങ്കുകളുടെ ഒരു പ്രതിനിധി, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ 4 പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട 15 അംഗങ്ങൾ അടങ്ങിയതാണ് സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ ഭരണസമിതി.

ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ല. സഹകരണ നിയമത്തിലെ 33-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണം നടത്തുന്നത്.

(സി) 31 പേർ ജോലി ചെയ്യുന്നു.

(ഡി) ഇപ്പോൾ സ്ഥിരം ജീവനക്കാർ ഇല്ല. താൽക്കാലിക ജീവനക്കാർ — 29 പേർ. ദിവസക്കൂലി ജീവനക്കാർ — 2 പേർ.

(ഇ) ഇഫ്കോ-ടോക്യോ ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

(എഫ്) സഹകരണ ബാങ്കുകൾക്ക് തീപിടുത്തം, കവർച്ച തുടങ്ങിയവയ്ക്കുള്ള ജനറൽ ഇൻഷ്വറൻസ് സംരക്ഷണമാണ് സാധാരണ നൽകുന്നത്. സ്ഥാപനങ്ങളുടെ താൽപ്പര്യപ്രകാരം ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ്, മെഡിക്ലെയിം, വായ്പ എടുക്കുന്നവർക്കുള്ള ലോൺ ഇൻഷ്വറൻസ് തുടങ്ങിയവയുമാണ് നൽകിവരുന്നത്. ഇതിനുപുറമേ വ്യക്തികൾക്കായി വാഹനങ്ങൾക്കുള്ള ഓട്ടോ പ്രൊട്ടക്ടർ, വീടുകൾക്കുള്ള ഹോം ആന്റ് ഫാമിലി പ്രൊട്ടക്ടർ, കച്ചവടസ്ഥാപനങ്ങൾക്ക് ട്രേഡ് പ്രൊട്ടക്ടർ എന്നീ ഇൻഷ്വറൻസ് പദ്ധതികളും ഇഫ്കോ-ടോക്യോ ജനറൽ ഇൻഷ്വറൻസ് കമ്പനിവഴി കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly